Mr. Speaker: An identical question has already been answered.

ശ്രീ. ഈ. പി. ഗോപാലൻ: അതിന്റെ ഇന്നത്തെ നില എന്താണെന്നു പോളിക്കാൻ കഴിഞ്ഞിട്ടില്ലല്ലോ.

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇന്നത്തെ നിലയിൽ യാതൊരു വ്യത്യാസവുമില്ല.

എൻ. ഈ. എസ്സ്. ബ്ലോക്കുകളിലെ ഹെഡ് കാർട്ടേഴ്സ് പണി.

* 469. [4] **ശ്രീ. ടി. ഒ. ബാവ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ഈ. എസ്സ്. ബ്ലോക്കുകകളിൽ സ്വന്തമായി ഹെഡ് കാർട്ടേഴ്സ് കെട്ടിടം ഇല്ലാത്തിടത്തു ഹെഡ്കാർട്ടേഴ്സ് പണിയാനുള്ള താമസം എന്താണു;

(ബി) ഏതു എൻ. ഈ. എസ്സ്. ബ്ലോക്കുകളിൽ സ്വന്തമായി ഹെഡ് കാർട്ടേഴ്സ് കെട്ടിടം ഇല്ലാത്തതായിട്ടുണ്ടു;

(സി) അവ ഏതെല്ലാം?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) പുതുതായുള്ള കെട്ടിടങ്ങളുടെ പണി അടിയന്തരാവസ്ഥ പ്രമാണിച്ചു മാറ്റിവയ്ക്കണമെന്ന കേന്ദ്രഗവണ്മെന്റിന്റെ നിർദ്ദേശം, പൂർണ്ണമായ അവകാശത്തോടുകൂടി ഭൂമി സൗജന്യമായി കിട്ടുന്നതിലുള്ള വൈഷമ്യം, ഹെഡ്കാർട്ടേഴ്സിന്റെ സ്ഥാനനിർണ്ണയത്തിൽവരുന്ന കാലതാമസം, എസ്റ്റിമേറ്റുകളും മറ്റും തയാറാക്കുന്നതിൽവരുന്ന സാങ്കേതിക തടസ്സങ്ങൾ ഇവയാണു പ്രധാന കാരണങ്ങൾ.

(ബി) നാല്പത്തി അഞ്ചു (45)

(സി) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു *

ഡാക്ടർ കെ. എം. ചാക്കോ: കുഴപ്പടിയിൽ സ്വന്തമായി സ്ഥലം കൊടുത്തുകഴിഞ്ഞിട്ടുണ്ടു. അവിടെ കഴിയുന്നതുംവേഗം ഒരു ബ്ലോക്കു ഹെഡ് കാർട്ടേഴ്സിനുള്ള കെട്ടിടം പണിയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ബ്ലോക്കു ഹെഡ്കാർട്ടേഴ്സിനുള്ള കെട്ടിടം കഴിയുന്നതുംവേഗം പണിയണമെന്നുള്ളതാണു ഗവണ്മെന്റിന്റെ നയം. അതിനുള്ള തടസ്സങ്ങളെപ്പറ്റി ഞാനിവിടെ പറഞ്ഞു.

ശ്രീ. പി. രവീന്ദ്രൻ: ഹെഡ്കാർട്ടേഴ്സു എവിടെയായിരിക്കണം എന്നു നിശ്ചയിക്കുകയും ജനങ്ങളും രണ്ടേക്കർസ്ഥലം സൗജന്യമായിട്ടു കൊടുക്കുകയും ചെയ്തുകഴിഞ്ഞിട്ടു ഈ കെട്ടിടങ്ങളും പണിയുന്നതിനു ഇത്രയും കാലതാമസം വരുന്നതിനുള്ള കാരണമെന്താണു?

ശ്രീ. കെ. എ. ദാമോദരമേനോൻ: അങ്ങനെ ജനങ്ങളുടെ പക്കൽനിന്നും ഭൂമിയൊക്കെ സൗജന്യമായിട്ടു കിട്ടീട്ടുള്ള സ്ഥലങ്ങളിൽ കെട്ടിടം പണിയുന്നതിനു മുൻഗണന നൽകുന്നതാണു.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: കെട്ടിടങ്ങളും ഇനിയും പണിയേണ്ടതായിട്ടു എത്രയെണ്ണമുണ്ടെന്നുള്ളതിന്റെ കണക്കുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: കണക്കുണ്ടു.

---

* Appendix I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ: ഓരോ കൊല്ലവും ബ്ലോക്ക ഹെഡ് കാർട്ടേഴ്സു പണിയിക്കുന്നതിനു മൊത്തംതുക നീക്കിവയ്ക്കുകയും പിന്നീട് അതു നടത്താതിരിക്കുകയും ചെയ്യുന്ന സംപ്രദായമുണ്ടോ. അങ്ങനെയാണെങ്കിൽ 1963-64— ലേക്ക എത്ര സംഖ്യ നീക്കിവച്ചിട്ടുണ്ട്. അതിൽനിന്നും എത്ര തുക ചെലവഴിച്ചു എത്ര കെട്ടിടങ്ങളാം കെട്ടി ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അടിയിന്തിരാവസ്ഥ പ്രമാണിച്ചു കെട്ടിടനിർമ്മാണം തൽക്കാലം നിറുത്തിവയ്ക്കുവാൻ കേന്ദ്രഗവണ്മെൻറിന്റെ നിർദ്ദേശമുണ്ടായതുകൊണ്ടു ഈ കൊല്ലത്തേക്കു ഒന്നും ചെലവാക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. ഈ. പി. ഗോപാലൻ: 1964—65—ൽ ഈ നില തുടരുന്നുണ്ടോ? അടുത്തകൊല്ലവും അടിയന്തരാവസ്ഥ പ്രമാണിച്ചു സാദ്ധ്യമല്ല എന്നു പറഞ്ഞു ഈ സംപ്രദായം തുടരുമെന്നാണോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അങ്ങനെ വല്ലുണ്ടായിട്ടില്ല.

ശ്രീമതി കുസുമം: ഹെഡ്കാർട്ടേഴ്സു കെട്ടിടം പണി പൂർത്തിയായിട്ടും അവിടെ ഏലക്ട്രിസിറ്റി സൗകര്യം ഇല്ലാത്തതുകൊണ്ടു വളരെ ബുദ്ധിമുട്ടുകയും അനുഭവിക്കുന്നതുകൊണ്ടു ഇളംദേശം എന്ന സ്ഥലത്തു ഇലക്ട്രിസിറ്റി കിട്ടുന്നതിനു പ്രയാറിറ്റി കൊടുക്കാൻ തയാറാകുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: കെട്ടിടം പൂർത്തിയായ സ്ഥലങ്ങളിൽ കഴിയുന്നവേഗത്തിൽ ഏലക്ട്രിസിറ്റി കൊടുക്കാൻ ഏർപ്പാടു ചെയ്യാം.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: കിളിമാനൂർ ബ്ലോക്ക ഹെഡ് കാർട്ടേഴ്സിന്റെ പണി എന്നാരംഭിച്ചു എന്നു പറയുവാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

പുതുതായി വാങ്ങിയ ബസ്സുകൾ

* 470. [5] † ശ്രീ. ആർ സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ജനുവരി ആരംഭംമുതൽ 1963 ഡിസംബർ അവസാനം വരെ കേരള സ്റ്റേറ്റു ട്രാൻസ്പോർട്ടുവക എത്ര ബസ്സുകൾ ബ്രേക്കഡൗൺ ആയിട്ടുണ്ട് ;

(ബി) ബ്രേക്കഡൗൺ കുറയ്ക്കാൻ എന്തു നടപടികൾ സ്വീകരിച്ചു ;

(സി) 1963-ൽ സ്റ്റേറ്റു ട്രാൻസ്പോർട്ടു വകുപ്പിലെ ആവശ്യത്തിനു എത്ര പുതിയ ബസ്സുകൾ വാങ്ങി ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 6645 ബസ്സുകൾ.

(ബി) വണ്ടികളുടെ സംരക്ഷണത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നതിനു അസിസ്റ്റൻറു വർക്കു മാനേജരന്മാരെ നിയമിച്ചിട്ടുണ്ട്. ഓരോ ഡിസ്ട്രിക്ടിൽനിന്നും കിട്ടുന്ന ദൈനംദിന ബ്രേക്കഡൗൺ സ്റ്റേറ്റുമെൻറുകൾ പരിശോധിക്കുവാൻ പ്രത്യേക പരിശീലനവും യോഗ്യതയുമുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. ബ്രേക്കഡൗൺ ഉണ്ടാകുന്നതിനു കാരണക്കാരായ ഗ്യാരേജു ജീവനക്കാർ ആരാണെന്നു കണ്ടുപിടിച്ചു, അവരുടെമേൽ കുറ്റമുണ്ടെന്നു ബോദ്ധ്യപ്പെടുന്നപക്ഷം തക്കതായ ശിക്ഷണനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഒരേ കാരണംകൊണ്ടു തുടർച്ചയായി സംഭവിക്കുന്ന ബ്രേക്കഡൗണുകൾ പ്രത്യേകം ശ്രദ്ധിക്കപ്പെടുകയും, അതിനു ഉത്തരവാദികളായ ജീവനക്കാരുടെമേൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആഴ്ചയിലൊരി

† Put by Shri P. Ravindran

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[Please see answer to Starred question No. 469(1)]

ലിസ്റ്റ്.

1 വാമനപുരം
2 വയനാട്
3 കാസർകോട്
4 കാഞ്ഞനാട്
5 മാനന്തവടി
6 ചാവലാട്ട
7 അന്തിക്കാട്
8 ചൊവ്വന്നൂർ
9 വടകര
10 മേലടി
11 സുത്താൻ ബത്തേരി
12 പന്തലായനി
13 കൊണ്ടോട്ടി
14 മലപ്പുറം
15 തിരൂർ
16 കുറ്റിപ്പുറം
17 ഇലത്തൂർ
18 ഓച്ചിറ
19 ഇത്തിക്കര
20 പറക്കോട്
21 ഒറ്റപ്പാലം
22 ശ്രീകൃഷ്ണപുരം
23 പെരിന്തൽമണ്ണ
24 മങ്കട
25 പൊന്നാനി
26 തൃത്താല
27 അങ്ങത്തോട്
28 അട്ടപ്പാടി
29 മുതുകുളം
30 ഭരണിക്കാവ്
31 പന്തളം
32 ചമ്പക്കുളം
33 തൈക്കാട്ടുശ്ശേരി
34 കുളനട
35 പട്ടണക്കാട്
36 വാഴൂർ
37 വൈക്കം
38 ഏറ്റുമാനൂർ
39 പള്ളുരുത്തി
40 വൈപ്പിൻ
41 മുളന്തുരുത്തി
42 പാറക്കടവ്
43 വൈറ്റില
44 കുവപ്പടി
45 വടവുകോട്

LIBRARY ARCHIVES Kerala Legislative Assembly